# പതിന്നാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1219 07.06.2018 ൽ മറുപടിക്ക്**

**റോഡുകളുടേയും പാലങ്ങളുടെയും സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) റോഡുകളുടേയും പാലങ്ങളുടെയും സംരക്ഷണത്തിന് സ്വീകരിക്കുന്ന മഴക്കാലപൂർവ്വ കരുതൽ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) മഴക്കാല പൂർവ്വ കരുതൽ നടപടികൾ സ്വീകരിക്കുന്നതിനായി CE/Admin/GL/ 2018-19 തീയതി 16/5/2018പ്രകാരം സർക്കുലർ പുറപ്പെടുവിച്ച് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ പ്രകാരം മഴക്കാല പൂർവ്വ കരുതൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റോഡുകളിലേയും പാലങ്ങളിലേയും കുറ്റിച്ചെടികൾ, അടിഞ്ഞ മണ്ണ് നീക്കം ചെയ്യൽ, ഓടകളിലും ഓവുകളിലും അടിഞ്ഞു കൂടിയ മണ്ണും, തടസ്സങ്ങളും നീക്കം ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കുക, റോഡുകളിലെ അപകടകരമായ മരങ്ങളും ചില്ലകളും പരിശോധിച്ച് വെട്ടി മാറ്റുക, ജൂൺ1 മുതൽ ആഗസ്റ്റ് 15 വരെ മഴക്കാലമായതിനാൽ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ്ങിന് അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും അപേക്ഷകരായ വകുപ്പുകളോ, കമ്പനികളിലേയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി റോഡ് കട്ടിങ്ങിനായി തീരുമാനം എടുത്ത് നടപ്പാക്കുക, അപകടാവസ്ഥയിലുള്ള റോഡുകളിലും പാലങ്ങളിലും അപകട സൂചന ബോർഡുകൾ സ്ഥാപിക്കുക, റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ യഥാസമയം അടക്കുക,അനുവാദമില്ലാത്ത പരസ്യ ബോർഡുകൾ, അനധികൃത കൈയ്യേറ്റങ്ങൾ എന്നിവ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഒഴിപ്പിക്കുക, കാഴ്ച മറയ്ക്കുന്ന കുറ്റിച്ചെടികളും മരച്ചില്ലകളും മാറ്റുക, പാലങ്ങൾ മഴക്കാലത്തിനു മുമ്പ് |

| | | | |
|---|---|---|---|
| | | | പരിശോധിക്കുകയും അടിയന്തര അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, മഴക്കാല പൂർവ്വ പ്രവർത്തികൾ മേയ് 31-ന് മുമ്പ് പൂർത്തിയാക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |
| ബി) | റോഡുകളിലെ കുഴികൾ അടക്കുന്നതു പോലുള്ള അറ്റകുറ്റപ്പണികൾ മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കുമോ; | ബി) | റോഡുകളിലെ കുഴികൾ അടയ്ക്കുന്ന അറ്റകുറ്റ പണികൾ മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | പൊതുമരാമത്തു വകുപ്പിന്റെ റോഡുകളിൽ നിലവിലുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | സി) | പൊതുമരാമത്ത്‌വകുപ്പിന്റെ റോഡുകളിലെ കയ്യേറ്റങ്ങൾ അവ ശ്രദ്ധയിൽപെടുമ്പോൾ തന്നെ ഒഴിപ്പിക്കുന്നതിന് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയുള്ള സർക്കാർഉത്തരവ്(കൈ)നം.63/16/പൊ.മവ തീയതി 3/1/2016 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | പാലങ്ങളുടെ പുതുക്കിപ്പണിയലും മറ്റ് അറ്റകുറ്റപ്പണികളും പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഡി) | സംസ്ഥാനത്ത് നിരത്തു വിഭാഗത്തിന്റെ കീഴിലുള്ള പുനർനിർമ്മാണം/പുനരുദ്ധാരണ അറ്റകുറ്റപണികൾ എന്നിവ ആവശ്യമായുള്ള പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുനർനിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 31 പാലങ്ങളുടെ പ്രവർത്തികൾക്ക് കിഫ്ബി/ ബഡ്ജറ്റ് മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. 10 പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ബാക്കിയുള്ളവയുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പുനരുദ്ധാരണം ആവശ്യമായുള്ള പാലങ്ങളുടെ പുനഃപരിശോധന നടന്നു വരുന്നു. സാധാരണ അറ്റകുറ്റ പണികൾ ആവശ്യമായ പാലങ്ങളിൽ 283 പാലങ്ങൾക്കു വേണ്ട 33.18 കോടി രൂപയുടെ എസ്റ്റിമേറ്റുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ